# കാലിക്കറ്റ്സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## <u>പത്രക്കുറിപ്പ്</u>

## <u>എം.ബി.എ ഫുൾ ടൈം/പാർട്ട് ടൈം 2021 പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു</u>

കാലിക്കറ്റ് സർവ്വകലാശാല കോമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് പഠനവകുപ്പ്, സർവ്വകലാശാല സ്വാശ്രയ സെന്ററുകൾ (ഫുൾ ടൈം/പാർട്ട് ടൈം), സ്വാശ്രയ കോളേജുകൾ എന്നിവയിൽ എം.ബി.എ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. സർവ്വകലാശാലാ ഫണ്ടിലേക്ക് ഇ-പെയ്മെന്റായി 555 രൂപ (SC/ST 187 രൂപ) ഫീസടച്ച് 2021 ജൂൺ 14 ന് മുമ്പ് ഓൺലൈനായി രജിസ്റ്റർ ചെയ്യണം. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടത് രണ്ട് ഘട്ടങ്ങളായാണ്. ആദ്യ ഘട്ടത്തിൽ CAPIDയും പാസ്‌വേഡും മൊബൈലിൽ ലഭ്യമാകുന്നതിനുവേണ്ടി അപേക്ഷകർ www.cuonline.ac.in **-> Registration -> MBA 2021 Registration -> 'New User (Create CAPID)' എന്ന ലിങ്കിൽ** അവരുടെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്. രണ്ടാം ഘട്ടത്തിൽ, മൊബൈലിൽ ലഭിച്ച CAPID യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്. അപേക്ഷയുടെ അവസാനമാണ് ഫീസ് അടച്ച് ഫൈനലൈസ് ചെയ്യേണ്ടത്. അപേക്ഷാ ഫീസ് അടച്ചതിനുശേഷം റീ ലോഗിൻ ചെയ്ത് അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതാണ്. പ്രന്റ്ഔട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണ്ണമാകുകയുള്ളൂ.

**സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് കോട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവരും നിശ്ചിത ഫീസടച്ച് ഓൺലൈൻ രജിസ്റ്റർ ചെയ്യണം.** ബിരുദഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ബിരുദ യോഗ്യത മാർക്ക് ലിസ്റ്റിന്റെ ഒറിജിനൽ പ്രവേശന സമയത്തു സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ KMAT, CMAT, CAT യോഗ്യത നേടിയിരിക്കണം.

അപേക്ഷയുടെ പ്രിന്റ്ഔട്ട്, അസൽ ചലാൻ രശീതി (SC/ST വിഭാഗങ്ങൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കണം) എന്നിവ സഹിതം 2021 ജൂൺ 16ന് വൈകിട്ട് 5 മണിക്ക് മുമ്പ് Professor & Head, Department of Commerce & Management Studies, Calicut University (PO), University of Calicut, Malappuram – 673635 എന്ന വിലാസത്തിൽ സമർപ്പിക്കണം.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.cuonline.ac.in)

ഫോൺ : 0494 2407017, 2407363.

ഡയറക്ടർ

C.U. Campus
25.05.2021

To :- പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)